## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5475 — 01.07. 2019 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. യുടെ ഗാർഹിക വൈദ്യുതി നിരക്ക്

ചോദ്യം — ഉത്തരം

ശ്രീ.കെ.ജെ.മാക്സി — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്കാണ് നിലവിൽ കെ.എസ്.ഇ.ബി. സൗജന്യനിരക്കിൽ വൈദ്യുതി നൽകി വരുന്നത്; ഉപഭോഗം എത്ര യൂണിറ്റിൽ താഴെ ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്; | (എ) സംസ്ഥാനത്ത്, നിലവിൽ, 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും, പ്രതിമാസ ശരാശരി 20 യൂണിറ്റുവരെ ഉപഭോഗമുള്ളതുമായ, എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വൈദ്യുതി തികച്ചും സൗജന്യമായി നൽകി വരുന്നു. ഗവൺമെന്റ് സബ്സിഡി നൽകി വരുന്ന ടി വിഭാഗം ഉപഭോക്താക്കൾ ഏകദേശം 38,000 ഓളം വരും. കൂടാതെ, പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന, ഗാർഹിക ഉപഭോക്താക്കൾക്ക്, 40 യൂണിറ്റ് വരെ (പ്രതിമാസം) യൂണിറ്റൊന്നിന് 35 പൈസാ നിരക്കിലും, തുടർന്നു വരുന്ന ഓരോ യൂണിറ്റിനും 50 പൈസാ നിരക്കിലും ഗവൺമെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. ഇതിന് പുറമേ 240 യൂണിറ്റിനു താഴെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക്, പ്രതിമാസം 20 രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ, സബ്സിഡി നൽകി വരുന്നു. ഇതിനു പുറമേ, പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതുമായ, ദാരിദ്ര്യരേഖയിൽപ്പെട്ടതുമായ, ഏകദേശം 23000 വരുന്ന ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്. |
| (ബി) ഇതുവഴി കെ.എസ്.ഇ.ബി. യ്ക്ക് പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ നഷ്ടം വരുന്നു; വിശദാംശം വ്യക്തമാക്കാമോ; | (ബി) താഴെപ്പറയുന്ന വിഭാഗം ഉപഭോക്താക്കൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതു മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിവർഷനഷ്ടം ചുവടെ ചേർക്കുന്നു.<br>1. കണക്ടഡ് ലോഡ് 500 വാട്ടിന് താഴെയും പ്രതിമാസ ഉപഭോഗം 20 യൂണിറ്റിന് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഇതു മൂലമുള്ള പ്രതിവർഷ നഷ്ടമായ ഏകദേശം 40 ലക്ഷം രൂപ സബ്സിഡിയായി കെ.എസ്.ഇ.ബി ക്ക് നൽകാൻ 20.06.2013 ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br>2. 2012 ലെ നിരക്ക് വർദ്ധനവിൽ നിന്ന് പ്രതിമാസ ഉപഭോഗം |

| | |
|---|---|
| | 120 യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത നഷ്ടം സബ്സിഡിയായി കെ.എസ്.ഇ.ബി ക്ക് നൽകാൻ 06.08.2012 ലെ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നഷ്ടം 02.03.2016 ലെ ഉത്തരവ് പ്രകാരം പ്രതിവർഷം ഏകദേശം 384.12 കോടി രൂപയാണ്.<br>3. കൂടാതെ ലൈഫ് സപ്പോർട്ട് സിസ്റ്റത്തിന്റെ സഹായത്തോടെ രോഗികളായി കഴിയുന്നവരുടെ പ്രതിമാസ ഉപഭോഗത്തിൽ 100 യൂണിറ്റ് വരെയുള്ള വൈദ്യുതി സൗജന്യമായി നൽകുന്നുണ്ട്. പ്രസ്തുത നഷ്ടവും സർക്കാരിൽ നിന്നും സബ്സിഡിയായി അനുവദിക്കുന്നതാണ്. ഈ ഇനത്തിൽ പ്രതിവർഷം ഏകദേശം 86 ലക്ഷം രൂപയുടെ നഷ്ടമുണ്ട്.<br>മുകളിൽ പറഞ്ഞ സബ്സിഡികൾ ബോർഡ് സർക്കാരിനു നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ നിന്നും തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്.<br>സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ നിലവിലുള്ള താരിഫ് ഉത്തരവിനനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിനു നൽകുമ്പോഴുണ്ടാകുന്ന ശരാശരി ചിലവ് (Average Cost of Supply) 5.26 രൂപയാണ്. എന്നാൽ ഗാർഹിക വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം കേവലം 4.13 രൂപ മാത്രമാണ്. ഇതുമൂലം ഉദ്ദേശം 1200 കോടിയോളം രൂപയുടെ വരുമാന നഷ്ടം ഉണ്ടെന്നാണ് കണക്കാക്കുന്നത്. |
| (സി) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ലഭ്യമായിട്ടില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കെ.എസ്.ഇ.ബി. വിലയിരുത്തിയിട്ടുള്ളത്;<br>(ഡി) ഇത്തരം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) , (ഡി) 2016-17 വർഷത്തിൽ കേരള സർക്കാറിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ വീടുകളും (വയറിംഗ് ചെയ്യാത്തതുൾപ്പെടെ) വൈദ്യുതീകരിക്കുകയുണ്ടായി. വയറിംഗ് ചെയ്തിട്ടില്ലാത്ത BPL, ST കുടുംബങ്ങളുടെ വീടുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility യിൽ പെടുത്തിയും കെ.എസ്.ഇ.ബി യുടെ തനതു ഫണ്ട് ഉപയോഗിച്ചും വയറിംഗ് കെ.എസ്.ഇ.ബി ഏറ്റെടുത്തു പൂർത്തിയാക്കുകയുണ്ടായി. 1,50,238 കുടുംബങ്ങൾക്ക് വൈദ്യുതി നൽകി കൊണ്ട് 29.05.-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണവും റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കാനുള്ളതുകൊണ്ട് നൽകുവാൻ സാധിക്കാതിരുന്ന ചില കണക്ഷനുകൾ തടസ്സങ്ങൾ നീക്കി നൽകി |

വരുന്നുണ്ട്.

എന്നാൽ നിലവിൽ 1000വാട്ട്സ് വരെയുള്ള എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ ദ്യുതി-2021 പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ നിന്നും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച 17-04-2017 ലെ ഉത്തരവുപ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്.

വിശദാംശങ്ങൾ പട്ടിക -1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക – 1**

നിലവിലുള്ള നിരക്ക്

| പ്രതിമാസ ഉപഭോഗം (യൂണിറ്റിൽ) | നിരക്ക് (രൂപയിൽ) | കുറിപ്പ് |
|---|---|---|
| 0-40 | 1.50 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതുമായ ഉപഭോക്താക്കൾക്കു മാത്രം ബാധകം. |
| 0-50 | 2.90 | ടെലിസ്കോപ്പിക്ക് |
| 51-100 | 3.40 | |
| 101-150 | 4.50 | |
| 151-200 | 6.10 | |
| 201-250 | 7.30 | |
| 0-300 | 5.50 | |

<table>
<tr>
<td></td>
<td>
<table>
<tr><td></td><td></td><td rowspan="5">നോൺ-ടെലിസ്കോപ്പിക്</td></tr>
<tr><td>0-350</td><td>6.20</td></tr>
<tr><td>0-400</td><td>6.50</td></tr>
<tr><td>0-500</td><td>6.70</td></tr>
<tr><td>500 നു മുകളിൽ</td><td>7.50</td></tr>
</table>
പ്രതിമാസ ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് - 30 രൂപ, ത്രീഫേസ് - 80 രൂപ
</td>
</tr>
<tr>
<td>(എഫ്)പ്രസ്തുത വൈദ്യുതി നിരക്ക് പരിഷ്കരിക്കുവാൻ കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?</td>
<td>(എഫ്) വൈദ്യുതി നിയമം 2003-ലെ 62 & 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് പരിഷ്കരിക്കുവാനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 17-04-2017-ലെ ഉത്തരവുപ്രകാരമുള്ള വൈദ്യുതി നിരക്കാണ് ഈടാക്കി വരുന്നത്.<br><br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ - 2018 പ്രകാരം, താരിഫ് പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ വൈദ്യുതി ബോർഡ്, റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 31-10-2018 ന് സമർപ്പിച്ചിട്ടുണ്ട്.<br><br>എന്നാൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷയിന്മേൽ റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ